# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: 4881

27..10..2016 -ൽ

മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ ശമ്പളവർദ്ധന

| *ചോദ്യം* | | *ഉത്തരം* |
|---|---|---|
| ശ്രീ. പി.കെ.ബഷീർ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2011 നു ശേഷം വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടില്ല എന്നതും എ.ഐ.സി.റ്റി.ഇ പ്രകാരമുള്ള ശമ്പള വർദ്ധന നടപ്പിലാക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മുടക്കം കൂടാതെ വാർഷിക ഇൻക്രിമെന്റ് നൽകി വരുന്നു. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലി ചെയ്യുന്ന എ.ഐ.സി.റ്റിഇ. ശമ്പള സ്കെയിൽ ബാധകമാക്കിയ അദ്ധ്യാപകർക്ക് 2013 ജൂലൈ മുതലുള്ള വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടില്ല. ആയതിനുള്ള നടപടികൾ ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയിലാണ്. എ.ഐ.സി.റ്റിഇ./ യു.ജി.സി. സ്കീം പ്രകാരമുള്ള ശമ്പള സ്കെയിലിന്റെ ആനുകൂല്യം തടയപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ ആനുകൂല്യങ്ങൾ ക്രമപ്പെടുത്തി നൽകുന്ന കാര്യം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

Reel

*സെക്ഷൻ ഓഫീസർ*